Draft #11 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 08-Feb-2021 01:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭരണകാര്യം: എഡി. എ 11 സെക്ഷൻ - അധിക ചുമതലകൾ നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 842/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.02.2021

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം. 675/AD A1/2021/എം.ജി.യു. തീയതി 30.01.2021.
2. 04.02.2021 തീയതിയിലെ വൈസ് ചാൻസിലറുടെ കുറിപ്പ് നം. വി.സി.702/2/15/2021.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ചിട്ടുള്ള സ്കൂളുകളുടെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് എഡി.എ 11 എന്ന സെക്ഷൻ ഭരണവിഭാഗത്തിൽ പുതിയതായി രൂപീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

NAAC, NIRF, World Ranking തുടങ്ങിയവയിൽ സർവ്വകലാശാലയ്ക്ക് ഫലപ്രദമായി പങ്കെടുക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി സർവ്വകലാശാലാ പുറപ്പെടുവിക്കുന്ന ഉത്തരവുകളും അനുബന്ധ രേഖകളും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യേണ്ടതുണ്ട്. കൂടാതെ, MOOC കോഴ്സുകളുടെ ഭരണപരമായ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു സെക്ഷൻ ഇല്ലാത്ത സാഹചര്യവും നിലവിലുണ്ട്.

ആയത് പരിഗണിച്ച്, NAAC, NIRF, World Ranking തുടങ്ങിയവയിലുള്ള ഫലവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്കായി , ആവശ്യമായ, സർവ്വകലാശാലാ ഉത്തരവുകളും അനുബന്ധ രേഖകളും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുന്ന ചുമതലകൾ നിർവ്വഹിക്കുവാൻ എഡി.എ 11 സെക്ഷനെ നോഡൽ സെക്ഷനായി നിയോഗിച്ചുകൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.
കൂടാതെ, MOOC കോഴ്സുകളുടെ ഭരണപരമായ ചുമതലയും എഡി.എ11 സെക്ഷന് നൽകിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
4. സെക്ഷൻ ഓഫീസർ, എഡി.എ11 സെക്ഷൻ
5. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവകലാശാല
6. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം